വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കാൻ നടപടി

21 (*231) ശ്രീ. ജി. സുധാകരൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. ബാബു എം പാലിശ്ശേരി :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയ്ക്കുള്ള സാദ്ധ്യതയ്ക്ക് അനുസൃതമായി വകുപ്പിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കാനും നിലവിലെ പോരായ്മകൾ ഇല്ലാതാക്കാനും നടപടി സ്വീകരിക്കുമോ ;

(ബി) വിനോദസഞ്ചാര ഡയറക്ടറേറ്റിന്റെ കെട്ടുകാര്യസ്ഥതയും പ്രൊഫഷണലിസത്തിന്റെ കുറവും ടൂറിസം വളർച്ചയെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധിക്കുമോ ;

(സി) നൂതനമായ ടൂറിസം ഉല്പന്നങ്ങൾ രൂപീകരിക്കുന്നത് പരിഗണിക്കുമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (**ശ്രീ. എ. പി. അനിൽകുമാർ**) :

(എ) ടൂറിസം വളർച്ചയ്ക്കുള്ള സാദ്ധ്യതയ്ക്ക് അനുസൃതമായി വകുപ്പിന്റെ പ്രവർത്തനം ക്രമീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനത്തിൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനത്തിൽ കെട്ടുകാര്യസ്ഥത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി). നൂതന ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'ടേക്ക് എ ബ്രേക്ക് ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 8 കേന്ദ്രങ്ങളിൽ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 3,68,00,000 രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

ഇതുകൂടാതെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ടൂറിസം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly